ഭരണഭാഷ- മാതൃഭാഷ

കത്ത് നം. RFOEKM/1768/2024-A

റീജിയണൽ ഫയർ ഓഫീസറുടെ കാര്യാലയം
ഫയർ &റെസ്ക്യൂ സർവ്വീസസ്
എറണാകുളം-682020
Phone 0484-2206131
Email-doekm.frs@kerala.gov.in
തീയതി. 25-01-2025

## പി.ആർ. നമ്പർ - 01/2025

## ചാർജ് മെമ്മൊ

ആലുവ നിലയത്തിലെ ഫയർ & റെസ്ക്യു ഓഫീസർ (ഡ്രൈവർ) നമ്പർ - 2913 ശ്രീ. ബിബിൻ പോളിനെതിരെയുള്ള ചാർജ്ജുകൾ

ശ്രീ. ബിബിൻ പോൾ., ഫയർ & റെസ്ക്യു ഓഫീസർ (ഡ്രൈവർ) നം. 2913 എന്ന താങ്കൾക്ക് ബഹു.ഡയറക്ടർ ജനറൽ അവർകളുടെ 02/11/2019 ലെ സർവ്വീസ് ഉത്തരവ് നം.243/2019 പ്രകാരം 5 വർഷത്തെ ശൂന്യവേതനാവധി അനുവദിച്ചിരുന്നു. സർക്കാർ ഉത്തരവ് (സി) നമ്പർ - 152/2020/ധന, തീയതി- 05/11/2020 പ്രകാരം അനുവദിക്കാവുന്ന ശൂന്യവേതനാവധി 5 വർഷമായി ചുരുക്കുകയും സർക്കാർ സർക്കുലർ നമ്പർ - 83/2020/ധന, തീയതി – 31/12/2020 പ്രകാരം 05/11/2020 പ്രാബല്യത്തിൽ അവധി അവസാനിക്കുന്ന മുറയ്ക്ക് തിരികെ ജോലിയിൽ ഹാജരാകാതിരിക്കുന്ന പക്ഷം ചട്ട പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ താങ്കളുടെ ശൂന്യവേതനാവധി കാലാവധി 29/11/2024-ന് അവസാനിച്ചിട്ടും തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ച് ഡ്യൂട്ടിയിൽ പ്രവേശിക്കാത്തതിനാൽ

1. അനധികൃതമായി സേവനത്തിൽ നിന്ന് വിട്ടു നിൽക്കുക
2. കേരള സർവ്വീസ് റൂൾസ് ഭാഗം -1 Appendix XII A-യിലെ വ്യവസ്ഥതൾ ലംഘിക്കുക
3. 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ സ്വഭാവ ചട്ടങ്ങളിലെ ചട്ടം 3 ലംഘിക്കുക

എന്നീ കുറ്റങ്ങൾ ചെയ്തതായി ആരോപിക്കുന്നു.

II. നിങ്ങൾക്കെതിരെ 1960-ലെ കേരള സർവീസുകൾ (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾക്ക് കീഴിൽ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ ആയത് ബോധിപ്പിക്കാൻ നിങ്ങളോട് ആവശ്യപ്പെടുന്നു. നിങ്ങൾക്ക് പ്രതിവാദ പത്രിക സമർപ്പിക്കുന്നതിനായി ഈ കുറ്റപത്രം ലഭിച്ച തീയതി മുതൽ 15 ദിവസം അനുവദിക്കുന്നു. നിർദ്ദേശിച്ച സമയത്തിനുള്ളിൽ നിങ്ങളുടെ പ്രതിവാദ പട്ടിക ലഭിക്കുന്നില്ല എങ്കിൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നിങ്ങൾക്ക് യാതൊരു വിശദീകരണവും

നൽകുവാനില്ലെന്നുള്ള അനുമാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. നിങ്ങളെ നേരിട്ട് കേൾക്കുവാൻ ആഗ്രഹിക്കുന്നോ എന്നുകൂടി അറിയിക്കുവാൻ നിങ്ങളോട് ആവശ്യപ്പെടുന്നു. ആരോപണം സംബന്ധിച്ച സ്റ്റേറ്റ്മെന്റിൽ പറഞ്ഞിട്ടുള്ള റിക്കോർഡുകൾ പരിശോധിക്കുന്നതിന് ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങളുടെ അപേക്ഷയിന്മേൽ പ്രതിപാദ പത്രിക സമർപ്പിക്കേണ്ട അവസാന തീയതിക്ക് മുൻപുള്ള ദിവസങ്ങളിൽ ഈ ഓഫീസിലെ സീനിയർ സൂപ്രണ്ടിന്റെ സാന്നിദ്ധ്യത്തിൽ ഓഫീസ് സമയത്ത് പ്രസ്തുത റെക്കോർഡുകൾ പരിശോധിക്കാവുന്നതും അവയിൽ നിന്നും ഉദ്ധാരണങ്ങൾ എഴുതിയെടുക്കാവുന്നതുമാണ്.

III. മേൽപ്പറഞ്ഞ ചാർജ്ജുകൾ അടിസ്ഥാനമാക്കിയുള്ള ആരോപണങ്ങൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ഇതോടൊപ്പം ചേർത്തിരിക്കുന്നു.

Signed by
Sujith Kumar J S
Date: 25-01-2025 17:31:34

സുജിത് കുമാർ ജെ.എസ്
റീജിയണൽ ഫയർ ഓഫീസർ
എറണാകുളം

സ്വീകർത്താവ്

ശ്രീ. ബിബൻ പോൾ
കൊറ്റനാടൻ ഹൌസ്,
രായമംഗലം പി.ഒ., കുറുപ്പംപടി
എറണാകുളം – 683545

(കൈപ്പറ്റ് രസീത് സഹിതം രജിസ്റ്റർ ചെയ്ത തപാലിൽ രണ്ട് പ്രതികൾ അയക്കുന്നു. അസ്സൽ കൈപ്പറ്റി പകർപ്പിൽ കൈപ്പറ്റ് രസീത്, ഒപ്പ്, തീയതി ഇവ രേഖപ്പെടുത്തി തിരികെ സമർപ്പിക്കുക.)

പകർപ്പ്:

1. ബഹു. ഡയറക്ടർ ജനറലിന്റെ അറിവിലേക്കായി സമർപ്പിക്കുന്നു. (ഉപരിപത്രം സഹിതം)
2. ജില്ലാ ഫയർ ഓഫീസർ, എറണാകുളം
3. സ്റ്റേഷൻ ഓഫീസർ, ആലുവ

## ആരോപണങ്ങൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ്

ശ്രീ. ബിബിൻ പോൾ., ഫയർ & റെസ്ക്യൂ ഓഫീസർ (ഡ്രൈവർ) നം. 2913, ടിയാൻ ആലുവ അഗ്നിരക്ഷാനിലയത്തിൽ ജോലി നോക്കി വരവെ ബഹു.ഡയറക്ടർ ജനറൽ അവർകളുടെ 02.11.2019 ലെ സർവ്വീസ് ഉത്തരവ് നം.243/2019 പ്രകാരം 5 വർഷത്തെ ശൂന്യവേതനാവധി അനുവദിച്ചിരുന്നു.

സർക്കാർ ഉത്തരവ് നമ്പർ - 152/2020/ധന, തീയതി- 05/11/2020 പ്രകാരം സർക്കാർ ജീവനക്കാർക്ക് അനുവദിച്ചിരുന്ന ശൂന്യവേതനാവധി 20 വർഷ കാലയളവിൽ നിന്നും 5 വർഷമായി ചുരുക്കിയിരിക്കുന്നു. ആയതിനാൽ സർക്കാർ ജീവനക്കാരന് അനുവദിച്ച ശൂന്യവേതനാവധി കാലയളവ് അവസാനിക്കുന്ന മുറയ്ക്ക് തിരികെ സർവ്വീസിൽ പ്രവേശിക്കേണ്ടതാണെന്നും, സർവ്വീസിൽ തിരികെ പ്രവേശിക്കാതെ അനധീകൃതമായി അവധിയിൽ തുടരുന്നവർക്കെതിരെ കെ.എസ്.ആർ ഭാഗം 1 അനുബന്ധം XIIA , ചട്ടം 9/XIIC, ചട്ടം 10 പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണെന്നും സർക്കുലർ നമ്പർ 83/2020/ധന, തീയതി:30/12/2020 പ്രകാരം നിർദ്ദേശിച്ചിരിക്കുന്നു.

ടിയാന് അനുവദിച്ച ശൂന്യവേതനാവധി കാലാവധി 29/11/2024-ന് അവസാനിച്ചിട്ടും തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് യഥാസമയം അപേക്ഷ സമർപ്പിക്കാതെ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുകയാണ് ചെയ്തത്.

താഴെ പറയുന്ന രേഖകൾ ടിയാനെതിരെയുള്ള പ്രോസിക്യൂഷൻ തെളിവുകളായി സ്വീകരിച്ചിട്ടുണ്ട്.

സുജിത് കുമാർ.ജെ.എസ്
റീജിയണൽ ഫയർ ഓഫീസർ
എറണാകുളം.

Signed by
Sujith Kumar J S
Date: 25-01-2025 17:33:26

APPENDIX H4

Notice

This is to inform Shri.Bibin Paul, Fire and Rescue Officer (Driver) No.2913 (designation), Fire and Rescue Station, Aluva (Place of appointment etc.) that Notice was issued on 25.01.2025 (Vide Charge Memo No. RFOEKM/1768/2024-A dated. 25.01.2025) to your last known address directing you to submit your written statement of defence / explanation as to why disciplinary action as contemplated under Kerala Civil Services (Classification, Control and Appeal) Rules, 1960 should not be taken against you. But the covers containing the Notice was returned to the Department undelivered by the postal authorities with endorsement **Left India** (reason for non-delivery to be mentioned). So you may please take notice that if within 15 days from the date of publication of this notice, your written statement of defence or other explanation against the charges framed against you is not received, it will be presumed that you have no defence to put further and further action will be taken accordingly. You may obtain the full text of the memo of charges with the statement of allegations/ show cause memo from Regional Fire Officer, Regional Fire Office, Fire & Rescue Services, Ernakulam (Designation of the officer, Name of office) during office hours in my office on an application made by you, furnishing your addresses to which it is to be sent prior to the stipulated period.

Designation of the disciplinary authority.

Regional Fire Officer
Regional Fire Office
Ernakulam

Signed by
Sujith Kumar J S
Date: 25-03-2025 18:07:10